പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

01.03.2017-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.841

## 14 ജില്ലകളിലും സാംസ്കാരിക കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരികവകുപ്പ് ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിക്കുന്ന കാര്യം കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നതനുസരിച്ച് ഏതെങ്കിലും ജില്ലയിൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലേയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ (KSFDC) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ Request for Proposal (RFP) തയ്യാറാക്കി KIIFB ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ നടപ്പിൽ വരുന്ന സാംസ്കാരികകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കും;<br>(സി) ഈ സാംസ്കാരിക കേന്ദ്രത്തെ സംബന്ധിച്ച ഗവൺമെന്റിന്റെ പദ്ധതികൾ വിശദീകരിക്കാമോ? | (ബി) & (സി) നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമ തീയേറ്റർ, സംഗീത ശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ധർക്കും പണിശാലകൾ. നാടക റിഹേഴ്സൽ സൗകര്യം. കലാ-സാഹിത്യകാരന്മാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥലസൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്. |

സെക്ഷൻ ഓഫീസർ